സമൃദ്ധിയോജന, കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള പദ്ധതി, സ്ത്രീകളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീയുമായി ബന്ധപ്പെട്ട സ്വയം സഹായ ഗ്രൂപ്പുകൾ അംഗൻവാടി കേന്ദ്രംവഴി പ്രവർത്തിക്കുന്ന പദ്ധതി, ദുർബല വിഭാഗങ്ങൾക്കായി ക്ഷേമ സ്ഥാപനങ്ങൾ, വികലാംഗർക്കുവേണ്ടി വിദ്യാർത്ഥി സ്കോളർഷിപ്പ്, തൊഴിൽ പരിശീലന സ്ഥാപനങ്ങൾ, സ്റ്റൈപ്പന്റ്, സംരക്ഷണ ഭവനങ്ങൾ, തിരിച്ചറിയൽ കാർഡ് നൽകുക, പ്രൊബേഷണർമാർക്കും മുൻ കുറ്റവാളികൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം, കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവരുടെ പുനരധിവാസം ലക്ഷ്യമാക്കി സാമ്പത്തിക സഹായം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ പിറക്കുന്ന രണ്ട് പെൺകുട്ടികളുടെ പേരിൽ നിശ്ചിത തുക സ്ഥിരനിക്ഷേപം നടത്തുന്ന ബാലികാ സമൃദ്ധിയോജന എന്നീ പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കി വരുന്നു.

(ബി) ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പിനായി സുഹൃത് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ, വ്യക്തികൾ, റിട്ടയർ ചെയ്ത സ്പെഷ്യലിസ്റ്റുകൾ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക യഥാ സമയം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്നതിനായി ജില്ലാ കളക്ടർമാർക്ക് ഫണ്ട് അനുവദിക്കുന്നു. അധിക ഫണ്ട് ആവശ്യമുള്ളപ്പോൾ ഫണ്ട് ലഭ്യമാക്കി കുടിശ്ശിക വരാതെ പെൻഷനുകൾ വിതരണം ചെയ്തു വരുന്നുണ്ട്.

(സി) വികലാംഗ പെൻഷൻ 110 രൂപയിൽനിന്നും 150 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഭരണ നവീകരണ പദ്ധതിയിൻകീഴിൽ അഗതികൾക്കും ആലംബഹീനർക്കുമായി ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ആശ്രയ പദ്ധതിയുടെ മാതൃകയിൽ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു പദ്ധതിയും വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സ്നേഹതീരം എന്ന പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

പ്രതിമാസ പെൻഷനർഹതയുള്ള അവശ വിഭാഗങ്ങൾ

50 [1189] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശത അനുഭവിക്കുന്ന ഏതെല്ലാം വിഭാഗങ്ങൾക്കാണ് പ്രതിമാസ പെൻഷൻ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വിഭാഗത്തിനും എത്ര രൂപ വീതമാണ് നൽകി വരുന്നതെന്നും, വിതരണത്തിൽ കാലതാമസം നേരിടുന്നുണ്ടോയെന്നും നിലവിലുള്ള കുടിശ്ശിക എത്രയെന്നും അറിയിക്കുമോ;

(സി) പെൻഷന് അർഹത ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വരുമാന പരിധി എത്രയെന്നുള്ളതിനെ സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) നിലവിലുള്ള വരുമാന പരിധി അർഹരായ പലർക്കും പെൻഷൻ നിഷേധിക്കുന്നതിന് ഇടയാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പെൻഷനുകളുടെ കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കാൻ സർക്കാർ എടുത്തുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, അഗതികളായ വിധവകൾ, 65 വയസ്സ് കഴിഞ്ഞ നിർദ്ധനരായവർ, അവിവാഹിതരും അൻപത് വയസ്സ് കഴിഞ്ഞവരുമായ സ്ത്രീകൾ എന്നീ വിഭാഗങ്ങൾക്കാണ് സാമൂഹ്യക്ഷേമ വകുപ്പ് വഴി പ്രതിമാസ പെൻഷൻ അനുവദിക്കുന്നത്.

(ബി) മേൽ വിവരിച്ച എല്ലാ വിഭാഗങ്ങൾക്കും പ്രതിമാസം 110 രൂപ എന്ന നിരക്കിലാണ് ഇപ്പോൾ പെൻഷൻ തുക നൽകി വരുന്നത്. പ്രസ്തുത പെൻഷനുകളുടെ വിതരണത്തിൽ നിലവിൽ കാലതാമസമോ കുടിശ്ശികയോ ഇല്ല.

(സി) വിവിധ വിഭാഗം പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും, വരുമാന പരിധി സംബന്ധിച്ച ഉത്തരവുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പെൻഷനുകളൊന്നും കുടിശ്ശികയായിട്ടില്ല.

സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമം

51 [1190] ശ്രീ. കോവൂർ കുഞ്ഞുമോൻ:

„ എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗർ ഉണ്ട് എന്നും അവരിൽ 40% ന് മുകളിൽ അംഗവൈകല്യമുള്ളവർ, സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിവർ എത്രപേർ വീതമുണ്ടെന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly